# 129/2017-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 129/2017-M

Maximum : 100 Marks

Time : 1 hour and 15 minutes

**1.** സസ്യങ്ങളുടെ വളർച്ച മനസ്സിലാക്കുന്നതിനുള്ള ഉപകരണം 'ക്രെസ്കോഗ്രാഫ്' കണ്ടുപിടിച്ചതാര്?

(A) സി.വി. രാമൻ (B) ജെ.സി. ബോസ്
(C) ഹർഗോവിന്ദ് ഖൊറാന (D) സുബ്രഹ്മണ്യം ചന്ദ്രശേഖർ

**2.** ക്ലാസിക്കൽ ഭാഷാ പദവി ലഭിച്ച ആദ്യ ഇന്ത്യൻ ഭാഷ

(A) തമിഴ് (B) സംസ്കൃതം
(C) ഒഡിയ (D) തെലുങ്ക്

**3.** 'ബിഹു' ഏത് സംസ്ഥാനത്തിലെ ഉത്സവമാണ്?

(A) മണിപ്പൂർ (B) ഹരിയാന
(C) മഹാരാഷ്ട്ര (D) ആസം

**4.** ഇന്ത്യയുടെ വിദേശകാര്യ മന്ത്രി

(A) വെങ്കയ്യ നായിഡു (B) നിതിൻ ഗഡ്കരി
(C) സുഷ്മ സ്വരാജ് (D) സുരേഷ് പ്രഭു

**5.** ഏകദിന ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന സ്കോർ (444 റൺസ്) എന്ന റെക്കോർഡ് നേടിയ രാജ്യം

(A) ശ്രീലങ്ക (B) ദക്ഷിണാഫ്രിക്ക
(C) ഇംഗ്ലണ്ട് (D) ഓസ്ട്രേലിയ

**6.** നിലവിൽ ഗൂഗിൾ CEO ആയ ഇന്ത്യാക്കാരൻ

(A) ടി. നന്ദകുമാർ (B) രജീന്ദർ ഖന്ന
(C) ശേഖർ ബാസു (D) സുന്ദർ പിച്ചെ

**7.** തുടർച്ചയായി ഏഴ് ഒളിംപിക്സ് കളിച്ച ആദ്യ ഇന്ത്യൻ ടെന്നീസ് താരം

(A) ലിയാൻഡർ പെയ്സ് (B) മഹേഷ് ഭൂപതി
(C) സാനിയ മിർസ (D) രാമനാഥൻ കൃഷ്ണൻ

8. നിലവിലെ ലോക്സഭാ പ്രതിപക്ഷ നേതാവ്?

(A) സോണിയാ ഗാന്ധി
(B) മല്ലികാർജ്ജുൻ ഖാർഗെ
(C) ഗുലാം നബി ആസാദ്
(D) രാഹുൽ ഗാന്ധി

9. ഇന്ത്യയിൽ മത്സ്യസമ്പത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം

(A) കേരളം
(B) സീമാന്ധ്ര
(C) തമിഴ്നാട്
(D) ഗുജറാത്ത്

10. പശ്ചിമ ഘട്ടത്തെക്കുറിച്ച് പഠിക്കാനായി കേന്ദ്ര സർക്കാർ നിയമിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷൻ

(A) കസ്തൂരി രംഗൻ
(B) സിറിയക് ജോസഫ്
(C) മാധവ് ഗാഡ്ഗിൽ
(D) അശോക്കുമാർ മാഥൂർ

11. ഇന്ത്യയിലൂടെ കടന്നു പോകുന്ന പ്രധാനപ്പെട്ട അക്ഷാംശ രേഖ

(A) ദക്ഷിണായന രേഖ
(B) ഉത്തരായന രേഖ
(C) ഭൂമദ്ധ്യ രേഖ
(D) ഗ്രീനിച്ച് രേഖ

12. മൂന്ന് വശവും ബംഗ്ലാദേശ് എന്ന രാജ്യത്താൽ ചുറ്റപ്പെട്ട ഇന്ത്യൻ സംസ്ഥാനം

(A) ത്രിപുര
(B) മിസോറാം
(C) പശ്ചിമ ബംഗാൾ
(D) മേഘാലയ

13. ഇന്ത്യയുടെ ധാതു നിക്ഷേപക്കലവറ എന്നറിയപ്പെടുന്ന പ്രദേശം

(A) ഛോട്ടാനാഗ്പൂർ പീഠഭൂമി
(B) മാൾവ പീഠഭൂമി
(C) ഡക്കാൻ പീഠഭൂമി
(D) ബ്രഹ്മപുത്ര സമതലം

14. ഇന്ത്യൻ നഗരമായ ഭിലായ് ഏതു വ്യവസായത്തിന്റെ കേന്ദ്രമാണ്?

(A) തീവണ്ടി യന്ത്ര നിർമ്മാണം
(B) ഇരുമ്പുരുക്ക്
(C) തുണി
(D) രാസവളം

15. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപംകൊണ്ട ആദ്യ സംസ്ഥാനം

(A) ബോംബെ
(B) മദ്രാസ്
(C) ആന്ധ്ര
(D) മൈസൂർ

16. താർ മരുഭൂമിയിലൂടെ ഒഴുകുന്ന നദി

(A) ടീസ്റ്റ (B) സുവാരി

(C) താപ്തി (D) ലൂണി

17. കേരളത്തിലെ ഏറ്റവും വലിയ ധനികൻ ?

(A) ക്രിസ് ഗോപാലകൃഷ്ണൻ (B) എം.എ. യൂസഫലി

(C) കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി (D) രവി പിള്ള

18. 'കൈഗ' ആണവോർജ്ജനിലയം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

(A) രാജസ്ഥാൻ (B) ഗുജറാത്ത്

(C) മഹാരാഷ്ട്ര (D) കർണ്ണാടകം

19. 2011 ലെ സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനം ?

(A) പശ്ചിമ ബംഗാൾ (B) ഉത്തർ പ്രദേശ്

(C) ബീഹാർ (D) കേരളം

20. ഇന്ത്യയിലെ സജീവമായ അഗ്നിപർവ്വതം

(A) ബാരൻ ദ്വീപ് (B) നാർകൊണ്ട

(C) ബരതാങ് (D) ഡക്കാൻ

21. ഇന്ത്യയിൽ നിന്നും അവസാനമായി പുറത്തു പോയ യൂറോപ്യൻ ശക്തി ?

(A) പോർച്ചുഗീസുകാർ (B) ഡച്ചുകാർ

(C) ഫ്രഞ്ചുകാർ (D) ഇംഗ്ലീഷുകാർ

22. ഇന്ത്യയിൽ മിസൈലുകൾ, ടാങ്കുകൾ, അന്തർ വാഹിനികൾ എന്നിവ വികസിപ്പിക്കുന്ന ഗവേഷണ സ്ഥാപനം

(A) ISRO (B) BARC

(C) DRDO (D) CDRI

23. ദേശീയ കായിക ദിനമായി ആചരിക്കുന്ന ഓഗസ്റ്റ് 29 ആരുടെ ജന്മദിനമാണ് ?

(A) മിൽഖാ സിംങ് (B) ധ്യാൻചന്ദ്

(C) സി. കെ. നായിഡു (D) സച്ചിൻ ടെൻഡുൽക്കർ

24. ഇന്ത്യയിലെ ആദ്യ വിദേശ ബാങ്ക്?

(A) പ്രസിഡൻസി ബാങ്ക്
(B) യു.ടി.ഐ. ബാങ്ക്
(C) ആക്സിസ് ബാങ്ക്
(D) ചാർട്ടേഡ് ബാങ്ക്

25. ദേശീയ ചിഹ്നത്തിൽ "സത്യമേവ ജയതേ" എന്ന വാക്യം രേഖപ്പെടുത്തിയിട്ടുള്ള ലിപി ഏത്?

(A) ബ്രഹ്മി ലിപി
(B) ഖരാഷ്ഠി ലിപി
(C) ക്യൂണിഫോം ലിപി
(D) ദേവനാഗരി ലിപി

26. "ഇന്ത്യയുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ്." ഇതാരുടെ വാക്കുകളാണ്?

(A) ഡി.എസ്. കോത്താരി
(B) ഡോ. യശ്പാൽ
(C) ലക്ഷ്മണ സ്വാമി മുതലിയാർ
(D) ഡോ. രാധാകൃഷ്ണൻ

27. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യാക്കാരൻ

(A) ഗാന്ധിജി
(B) ബി.ആർ. അംബേദ്കർ
(C) ജവഹർലാൽ നെഹ്റു
(D) സർദാർ വല്ലഭായ് പട്ടേൽ

28. 'ഗദർ' എന്ന പഞ്ചാബി വാക്കിന്റെ അർത്ഥം?

(A) ഊർജ്ജസ്വലത
(B) സന്തോഷം
(C) വിപ്ലവം
(D) ശാന്തത

29. 1905-ലെ ബംഗാൾ വിഭജനം റദ്ദാക്കിയ വൈസ്രോയി ആരായിരുന്നു?

(A) ഹാർഡിങ് പ്രഭു
(B) കഴ്സൺ പ്രഭു
(C) റിപ്പൺ പ്രഭു
(D) ഡൽഹൗസി പ്രഭു

30. ഭൂദാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്?

(A) മദൻ മോഹൻ മാളവ്യ
(B) സി. രാജഗോപാലാചാരി
(C) ലാൽ ബഹദൂർ ശാസ്ത്രി
(D) ആചാര്യ വിനോബ ഭാവെ

31. ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് ഉറപ്പു നൽകുന്ന മൗലികാവശങ്ങളുടെ എണ്ണം ?

(A) എട്ട് (B) ആറ്

(C) പത്ത് (D) പന്ത്രണ്ട്

32. ദേശീയഗാനം ആലപിക്കാൻ എടുക്കുന്ന സമയം ?

(A) 58 സെക്കന്റ് (B) 1 മിനിട്ട്

(C) 52 സെക്കന്റ് (D) 2 മിനിറ്റ്

33. ഇന്ത്യയിൽ നിലവിലുള്ള ഔദ്യോഗിക ഭാഷകളുടെ എണ്ണം ?

(A) 14 (B) 18

(C) 15 (D) 22

34. തർക്കരഹിത ഇന്ത്യൻ ഭൂപ്രദേശത്തെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ?

(A) നന്ദാദേവി (B) ഗോഡ്വിൻ ആസ്റ്റിൻ

(C) കാഞ്ചൻ ജംഗ (D) അന്നപൂർണ്ണ

35. വന വിസ്തൃതി ഏറ്റവും കൂടുതൽ ഉള്ള ഇന്ത്യൻ സംസ്ഥാനം ?

(A) അരുണാചൽ പ്രദേശ് (B) മധ്യ പ്രദേശ്

(C) ഒഡീഷ (D) ആന്ധ്രാ പ്രദേശ്

36. സ്വാമി വിവേകാനന്ദന്റെ യഥാർത്ഥ നാമം ?

(A) നരേന്ദ്രനാഥ് ദത്ത (B) ബാബ ദയാൽ ദാസ്

(C) സഹജാനന്ദ സ്വാമി (D) ദേവേന്ദ്രനാഥ് ടാഗോർ

37. പഞ്ചായത്തീരാജിന്റെ പിതാവ് എന്നറിയപ്പെടുന്നത് ?

(A) ബൽവന്ത്റായ് മേത്ത (B) എം. വിശ്വേശ്വരയ്യ

(C) ജയപ്രകാശ് നാരായൺ (D) എം. എസ്. സ്വാമിനാഥൻ

38. ഓരോ സർക്കാർ ഓഫീസും നല്കുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നല്കണമെന്ന് അനുശാസിക്കുന്ന നിയമം ?

(A) വിവരാവകാശ നിയമം (B) ഇ-ഗവേണൻസ്

(C) ലോക്പാൽ നിയമം (D) സേവനാവകാശ നിയമം

**39.** കുംഭമേള എത്രവർഷത്തിലൊരിക്കലാണ് നടക്കുന്നത് ?

(A) 24 വർഷം
(B) 6 വർഷം
(C) 12 വർഷം
(D) 18 വർഷം

**40.** സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ അദ്ധ്യക്ഷൻ ആരായിരുന്നു ?

(A) വി.പി. മേനോൻ
(B) ഫസൽ അലി
(C) എച്ച്. എൻ. കുൻസ്രു
(D) കെ.എം. പണിക്കർ

**41.** കേരളത്തിൽ ഒരു വൃക്ഷത്തിന്റെ പേരിൽ അറിയപ്പെടുന്ന വന്യജീവി സംരക്ഷണ കേന്ദ്രം ?

(A) ചിമ്മിനി
(B) ശെന്തുരുണി
(C) ചിന്നാർ
(D) നെയ്യാർ

**42.** നാളികേര വികസന ബോർഡിന്റെ ആസ്ഥാനം ?

(A) കോട്ടയം
(B) ആലപ്പുഴ
(C) തിരുവനന്തപുരം
(D) കൊച്ചി

**43.** മാരകമായ അസുഖങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ചികിത്സാ പദ്ധതി ?

(A) സാന്ത്വനം
(B) സേവന
(C) താലോലം
(D) സ്നേഹിത

**44.** 'വിദ്യാധിരാജൻ' എന്നറിയപ്പെടുന്ന നവോത്ഥാന ചിന്തകൻ ?

(A) ചട്ടമ്പിസ്വാമികൾ
(B) വാഗ്ഭടാനന്ദ ഗുരു
(C) സഹോദരൻ അയ്യപ്പൻ
(D) പണ്ഡിറ്റ് കെ.പി. കറുപ്പൻ

**45.** തിരുവിതാംകൂറിൽ അടിമക്കച്ചവടം അവസാനിപ്പിച്ച ഭരണാധികാരി ?

(A) റാണി ഗൗരിലക്ഷ്മിഭായി
(B) റാണി സേതുലക്ഷ്മിഭായി
(C) ഗൗരി പാർവ്വതീഭായി
(D) ചിത്തിരതിരുനാൾ ബാലരാമവർമ്മ

46. കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭം ഏത് ?

(A) പഴശ്ശി കലാപം (B) ആറ്റിങ്ങൽ കലാപം

(C) കുറിച്യർ ലഹള (D) കുളച്ചൽ യുദ്ധം

47. പ്രാചീനകാലത്ത് 'ചൂർണി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന നദി ?

(A) ഭാരതപ്പുഴ (B) പമ്പ

(C) പെരിയാർ (D) യമുന

48. 'കേരള പാണിനി' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ

(A) കേരളവർമ്മ വലിയകോയിതമ്പുരാൻ

(B) ചങ്ങമ്പുഴ കൃഷ്ണപിള്ള

(C) വള്ളത്തോൾ നാരായണ മേനോൻ

(D) എ.ആർ. രാജരാജവർമ്മ

49. ഇന്ത്യൻ രൂപയുടെ ചിഹ്നം (₹) തയ്യാറാക്കിയ വ്യക്തി

(A) ഉദയശങ്കർ (B) ഷാനോദേവി

(C) രാംസിങ് താക്കൂർ (D) ഡി. ഉദയകുമാർ

50. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ജില്ല ?

(A) കോട്ടയം (B) ചണ്ഡീഗഢ്

(C) എറണാകുളം (D) ഐസ്വാൾ

51. ഒന്നാം കേരള മന്ത്രിസഭയിലെ ആകെ അംഗങ്ങളുടെ എണ്ണം ?

(A) 13 (B) 11

(C) 12 (D) 15

52. 'F' ആകൃതിയിലുള്ള കേരളത്തിലെ തടാകം

(A) ശാസ്താംകോട്ട തടാകം (B) വെള്ളായണി തടാകം

(C) പൂക്കോട് തടാകം (D) ഇരവികുളം തടാകം

53. ഭരണഘടനാ നിർമ്മാണ സഭ ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ച തീയതി

(A) 1948 ഫെബ്രുവരി 21
(B) 1950 ജനുവരി 26
(C) 1949 നവംബർ 26
(D) 1947 ആഗസ്റ്റ് 15

54. ദേശീയ വനിതാകമ്മീഷൻ നിലവിൽ വന്ന വർഷം

(A) 1992
(B) 1991
(C) 1990
(D) 1989

55. ഒരു രൂപാ കറൻസി നോട്ടിൽ ഒപ്പിടുന്നതാര് ?

(A) റിസർവ്വ് ബാങ്ക് ഗവർണർ
(B) കേന്ദ്ര ധനകാര്യ സെക്രട്ടറി
(C) രാഷ്ട്രപതി
(D) കേന്ദ്ര ധനകാര്യ മന്ത്രി

56. ഏറ്റവും കൂടുതൽ നിയമസഭാ മണ്ഡലങ്ങളെ പ്രതിനിധീകരിച്ച വ്യക്തി ആര് ?

(A) കെ.ആർ. ഗൗരിയമ്മ
(B) എം.വി. രാഘവൻ
(C) കെ. കരുണാകരൻ
(D) ഇ.കെ. നായനാർ

57. 'പ്രത്യക്ഷ രക്ഷാ ദൈവസഭ' എന്ന പരിഷ്ക്കരണ പ്രസ്ഥാനം ആരംഭിച്ചത് ?

(A) അയ്യങ്കാളി
(B) ബ്രഹ്മാനന്ദ ശിവയോഗി
(C) വൈകുണ്ഠ സ്വാമികൾ
(D) കുമാര ഗുരുദേവൻ

58. 'ഹൃദയ്' പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളുടെ എണ്ണം ?

(A) പത്ത്
(B) പതിനഞ്ച്
(C) പതിനെട്ട്
(D) പന്ത്രണ്ട്

59. നീതി ആയോഗിന്റെ ഉപാധ്യക്ഷൻ ആര് ?

(A) അരവിന്ദ് പനഗാരിയ
(B) പ്രദീപ്കുമാർ സിൻഹ
(C) നരേന്ദ്ര മോദി
(D) രഞ്ജിത്കുമാർ

60. കേരളത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം ?

(A) 941
(B) 914
(C) 1572
(D) 999

**61.** She never visited her grandparents, ________
- (A) didn't she ?
- (B) did she ?
- (C) is she ?
- (D) won't she ?

**62.** If you had gone there in time, _______
- (A) you would have met them.
- (B) you would meet them.
- (C) you will meet them.
- (D) you can meet them.

**63.** Change into reported speech.
The boy said, *"I like sweets"*.
- (A) The boy says that he liked sweets.
- (B) The boy said that he had liked sweets.
- (C) The boy said that he liked sweets.
- (D) The boy says that he has liked sweets.

**64.** He set out _____ six o'clock.
- (A) at
- (B) in
- (C) on
- (D) from

**65.** This is really _____ enchanting scene.
- (A) the
- (B) a
- (C) an
- (D) None of the above

**66.** Change into passive voice.
*'The boy broke the window'*.
- (A) The window was broken by the boy.
- (B) The window is broken by the boy.
- (C) The window has been broken by the boy.
- (D) The window had been broken by the boy.

**67.** Your story is _____ than grandma's.
- (A) funny
- (B) funnier
- (C) fun
- (D) funniest

**68.** Ram or his brothers ______ home every week.
- (A) go
- (B) goes
- (C) gone
- (D) going

**69.** Find out the adverb in the sentence.
*'Clean your room carefully.'*
- (A) room
- (B) clean
- (C) your
- (D) carefully

**70.** He ______ tea every morning.
- (A) drinks
- (B) drink
- (C) is drinking
- (D) drank

**71.** Identify the correctly spelt word.

(A) Vacum (B) Vaccum
(C) Vacuum (D) Vacuem

**72.** Suja ______ her new saree for the function.

(A) put on (B) set out
(C) came across (D) turn on

**73.** Select the word which means the opposite of the word – *Boon*.

(A) Blessing (B) Curse
(C) Happiness (D) Wishing

**74.** Select the meaning of the underlined idiom.
It's *raining cats and dogs*.

(A) It's raining heavily. (B) Cats and dogs are falling from the sky.
(C) Cats are being chased by dogs. (D) Cats and dogs are quarrelling.

**75.** Find out the synonym of the word *'Peer'*.

(A) Competitor (B) Twin
(C) Prejudice (D) Equal

**76.** Lacking in quantity or quality is ______.

(A) enough (B) sufficient
(C) meagre (D) full

**77.** The crop was attacked by a _______ of locusts.

(A) herd (B) troop
(C) crowd (D) plague

**78.** "Meet me at the new building ______ at noon." The architect said.

(A) sight (B) cite
(C) site (D) seat

**79.** Artists must be _______; otherwise they just repeat what they see or hear.

(A) create (B) creative
(C) created (D) creating

**80.** A Latin word which means *'the most important work of an artist, writer etc.'*

(A) Memento (B) Magnum opus
(C) Mangue (D) Mot juste

81. $\frac{16 \times 4 - 48 + 10}{8 + 25 \div 5} =$ ________

(A) 4 (B) 2
(C) 7 (D) 16

82. $\frac{2}{5} + \frac{1}{4}$ എത്ര ?

(A) $\frac{3}{9}$ (B) $\frac{3}{20}$
(C) $\frac{13}{20}$ (D) $\frac{13}{5}$

83. 3600 ന്റെ 40% എത്ര ?

(A) 1200 (B) 2100
(C) 1800 (D) 1400

84. ഒരാൾ 1400 രൂപയ്ക്ക് ഒരു സൈക്കിൾ വാങ്ങി. 15% നഷ്ടത്തിന് വിറ്റാൽ സൈക്കിളിന്റെ വിറ്റവില എത്ര ?

(A) 1090 (B) 1190
(C) 1300 (D) 1160

85. 10% പലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ സുമ 8,000 രൂപ നിക്ഷേപിച്ചു. ഒരു വർഷം കഴിഞ്ഞ് സുമയ്ക്ക് ലഭിക്കുന്ന തുക എത്ര ?

(A) 500 (B) 800
(C) 150 (D) 400

86. രണ്ട് സംഖ്യകൾ തമ്മിലുള്ള അംശബന്ധം 2 : 3, അവയുടെ തുക 225 ആയാൽ വലിയ സംഖ്യയേത്?

(A) 135 (B) 90
(C) 45 (D) 180

87. 12 പേർ 24 ദിവസം കൊണ്ട് തീർക്കുന്ന ഒരു ജോലി 16 പേർ എത്ര ദിവസംകൊണ്ട് തീർക്കും ?

(A) 15 (B) 20
(C) 18 (D) 16

88. ശരാശരി കാണുക.
12, 14, 17, 22, 28, 33

(A) 21 (B) 18
(C) 28 (D) 14

89. $4^n = 256$ ആയാൽ n എത്ര ?

(A) 8 (B) 3
(C) 5 (D) 4

90. ഒരു സമചതുരത്തിന്റെ ചുറ്റളവ് 52 സെ.മീ. ആയാൽ ഒരു വശത്തിന്റെ നീളമെത്ര ?

(A) 16 (B) 14
(C) 13 (D) 15

**91.** പൂരിപ്പിക്കുക.
2, 5, 9, 14, 20, ______
(A) 27 (B) 18
(C) 28 (D) 14

**92.** $\sqrt{48} \times \sqrt{27}$ ന്റെ വില എത്ര ?
(A) 34 (B) 53
(C) 48 (D) 36

**93.** ഒരാൾ 10 കി.മീ. പടിഞ്ഞാറോട്ട് നടക്കുന്നു. അവിടെനിന്നും ഇടത്തോട്ട് 4 കി. മീ. നടക്കുന്നു. വീണ്ടും ഇടത്തോട്ട് 13 കി.മീ. നടന്നാൽ തുടങ്ങിയ സ്ഥലത്തുനിന്നും എത്ര കി.മീ. അകലെയാണ് ഇപ്പോൾ അയാൾ നില്ക്കുന്നത്?
(A) 4 (B) 5
(C) 7 (D) 10

**94.** CAT : DDY : BIG : ?
(A) CLL (B) CLM
(C) CEP (D) CML

**95.** ഒറ്റയാനെ കണ്ടെത്തുക.
144, 625, 28, 36
(A) 144 (B) 625
(C) 28 (D) 36

**96.** $x + \frac{1}{x} = 3$ ആയാൽ $x^2 + \frac{1}{x^2}$ എത്ര ?
(A) 7 (B) 3
(C) 9 (D) 1

**97.** GIVE – 5137, BAT – 924 എന്നാൽ GATE എന്ത്?
(A) 5427 (B) 2547
(C) 5724 (D) 5247

**98.** ഒരു ക്ലോക്കിലെ സമയം 2:30 ആയാൽ മണിക്കൂർ സൂചിക്കും മിനിറ്റു സൂചിക്കും ഇടയ്ക്കുള്ള കോൺ എത്ര ?
(A) 60 (B) 90
(C) 105 (D) 45

**99.** 2007, ഡിസംബർ 8 ശനിയാഴ്ചയായാൽ 2006, ഡിസംബർ 8 ഏത് ദിവസം ആയിരിക്കും ?
(A) ഞായർ (B) വെള്ളി
(C) ശനി (D) ചൊവ്വ

**100.** 2.75 + 4.25 – 3.00 എത്ര ?
(A) 3.5 (B) 2
(C) 7 (D) 4

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**